ഫ,ഫർ@ക. യാണ. ആ സംഖ്യ കൊടുങ്ങല്ലൂർ താലൂക്കിലേക്ക വകവെച്ച കൊടുക്കുവാൻ എപ്പോട ചെയ്തിട്ടുണ്ട്.

Petition against Sub-Inspector Mr. Vaitheeswara Ayyar.

380. Mr. K. Mohamed Seethi.—Will the Government be pleased to say:—

(a) whether they have received a petition against Sub-Inspector Vaitheeswara Ayyar by one Abu, a Muslim resident of Ernakulam, complaining that the former was forcing him by threats of violence to demolish a workshop, put up by him;

(b) what action, if any, the Government have taken on the petition;

(c) whether any other complaints have been received against Vaitheeswara Ayyar after his last degradation;

(d) how they were disposed of?

Mr. P. Nilakanta Menon.—(a) Yes.

(b) The complaint was enquired into and it was found to be groundless.

(c) Yes.

(d) They were recorded.

Recruitment to the Maharaja's College.

381. Mr. K. Mohamed Seethi.—Will the Government be pleased to state whether there is any rule that only first and second class men should be appointed to do College work or they should be preferred to third class men, and will the rule apply to Tutors and Demonstrators also?

Rao Sahib Mr. C. Matthai.—Yes; but this rule will not apply to Tutors and Demonstrators.

Cheranellur Panchayat.

382. മിസ്റ്റർ. ടി. എ. രാമചന്ദ്രയ്യർ.—താഴെ എഴുന്ന ചോദ്യത്തിന്ന മയവായി മറുപടി പറയാമൊ.—

(a) ചേരാനെല്ലൂർ പഞ്ചായത്തിൽപെട്ട വടുതല റോഡിന്റെ റിപ്പയറിന്നനുവദിച്ച ൨൦൦ ക. (ഫ,ഫ൦ർൽ) എങ്ങിനെ ചിലവു ചെയ്തു, പഞ്ചായത്തു എസ്റ്റിമേറായച്ച തിയ്യതി എന്നാണെന്നും, പഞ്ചായത്തു തീർപ്പു് എന്നാണെന്നും പറയാമൊ;

(b) ജനമഠത്തിന്നായി അനുവദിക്കപ്പെട്ട ൨൦൦ ക. എതു പണിക്കാണു് ഉപയോഗിച്ചതെന്നും എതു കല്പനപ്രകാരമാണെന്നും ടി കല്പനയുടെ തിയ്യതി എന്നാണെന്നും പറയാമൊ?

മിസ്റ്റർ ഐ. രാമൻമേനോൻ.—(a) ചേരാനെല്ലൂർ പഞ്ചായത്തിൽ പെട്ട വടുതല റോഡിന്റെ റിപ്പയറിന്നു് ഫ,ഫ൦ർ-ൽ പഞ്ചായത്തിൽ നിന്നും എസ്റ്റിമേറയക്കുകയൊ പണി നടത്തുവാൻ പ്രൊപ്പോസൽ അയക്കുകയൊ ചെയ്തിട്ടില്ല. ടി പണിക്കു അനുവദിച്ച ൨൦൦ ക. ലാപ്സായി പോയിട്ടുണ്ടു്.

(b) ജനമഠത്തിന്നായി യാതൊരു സംഖ്യയും അനുവദിച്ചതായി കണ്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ. ടി. എ. രാമചന്ദ്രയ്യർ.—എസ്റ്റിമേറൊ പ്രൊപ്പോസൽസോ അയക്കാതെ ഈ സംഖ്യ ബഡ്ജറിൽ എങ്ങിനെ വന്നു?

മിസ്റ്റർ ഐ. രാമൻമേനോൻ.—മെയിൻറനൻസിനായിട്ട് ചേക്കുന്ന തുക ലാപ്സായിപോയിട്ട് കൊല്ലം കൊല്ലം അതു ചേത്തുവരാറുണ്ട്.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—ഒരുനാഴിക വഴിക്കു എന്തു വേണ്ടിവരുമെന്നു കണക്കില്ലെ?

മിസ്റ്റർ ഐ. രാമൻ മേനോൻ.—അതു കൊല്ലംതോറും ഭേദംവരും.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—ഈ സംഖ്യ വേണ്ടിവരുമെന്നു പഞ്ചായത്തുകാർ എഴുതിയിട്ടുണ്ടൊ?

മിസ്റ്റർ ഐ. രാമൻമേനോൻ.—ഇല്ല.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—പിന്നെ എങ്ങിനെയാണ് പണി നടത്തുക?

മിസ്റ്റർ ഐ. രാമൻമേനോൻ.—പഞ്ചായത്തുകാർ എഴുതി അയച്ച് സ്റ്റോറുമെണ്ട വരുത്തി പണിചെയ്യും.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—ഈ റോഡു മെയിൻറനൻസു ചെയ്യാറുണ്ടൊ?

മിസ്റ്റർ ഐ. രാമൻമേനോൻ.—ഉവ്വ്.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—എന്നാൽ ഇതു ലാപ്സാകാൻ കാരണമെന്താണ്?

മിസ്റ്റർ ഐ. രാമൻമേനോൻ.—ഫാമ്-ൽ റിപ്പയർ ചെയ്തില്ല. ഫാർ-ൽ മെയിൻറനൻസും ചെയ്തില്ല.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—ഒരു കൊല്ലം മെയിൻറനൻസു ചെയ്യാതിരുന്നാൽ അടുത്ത കൊല്ലം അധികച്ചിലവു വരാറുണ്ടൊ?

മിസ്റ്റർ ഐ. രാമൻ മേനോൻ.—ചിലപ്പോൾ വരും, ചിലപ്പോൾ വരികയില്ല.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—ആ അധികച്ചിലവിന്റെ നഷ്ടം ആരാണ് കാണുന്നതു?

മിസ്റ്റർ. ഐ. രാമൻ മേനോൻ.—ഇതേവരെ അങ്ങിനെ അധികച്ചിലവു വന്നിട്ടില്ല.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—ഈ കൊല്ലത്തിൽ മെയിൻറനൻസു ചെയ്യുവാൻ എന്തു ചിലവു വന്നിട്ടുണ്ടെന്നു പറയാമൊ?

മിസ്റ്റർ ഐ. രാമൻ മേനോൻ.—ഈ കൊല്ലം മെയിൻറനൻസു കഴിഞ്ഞിട്ടില്ല.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—അതിനു എത്ര രൂപാ വേണമെന്നു ഉണ്ടൊ?

മിസ്റ്റർ ഐ. രാമൻ മേനോൻ.—പഞ്ചായത്തു ബഡ്ജറു നോക്കിയാലറിയാം; പറയാൻ സാധിക്കയില്ല.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—ചേരാനെല്ലൂർ പഞ്ചായത്തിൽ ഡിപ്രസ്ഡ് ക്ലാസ്സിന്റെ കോളനി ഉണ്ടൊ?

റാവു സാഹിബ്ബ് മിസ്റ്റർ സി. മത്തായി.—കോളനി ഇല്ല. മളവുകാട്ട് ഒരു ഭജനമഠം ഉണ്ട്.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—അതു ഈ പഞ്ചായത്തിന്റെ ജൂറിസ്ഡിക്ഷനിൽ പെട്ടതാണൊ?

റാവു സാഹിബ്ബ് മിസ്റ്റർ സി. മത്തായി.—അല്ല.

LIBRARY ARCHIVES Kerala Legislative Assembly